NR 14 Cm-1000 (6 pgs)

**നം. T8/46276/2018/ PHQ**

പോലീസ് ആസ്ഥാനം,കേരളം

തിരുവനന്തപുരം 695010

തീയതി: /03/2018

# സർക്കുലർ നം.10/2018

വിഷയം:- വെടിക്കെട്ട് പ്രദർശനം— പാലിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ- കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 18/07/2005 തീയതിയിലെ ബഹു. സുപ്രീം കോടതി വിധിന്യായത്തിലെ നിർദ്ദേശങ്ങൾ

2) 05/10/1999 ലെ Indian Gazette no. 488 (പരിസ്ഥിതി സംരക്ഷണം 2-ാം ഭേദഗതി ചട്ടങ്ങൾ 1999

3) 14/02/2000 ലെ Indian Gazette no. 92 (ശബ്ദമലിനീകരണം ക്രമീകരണവും നിയന്ത്രണവും ചട്ടങ്ങൾ, 2000

4) പി.എച്ച്.ക്യൂ സർക്കുലർ നം. 22/69, 78/69, 22/76, 26/82, 17/02

5) പി.എച്ച്.ക്യൂ Executive Directive Nos. 25/04 & 02/05

6) പി.എച്ച്.ക്യൂ വിജ്ഞാപനം നം. U6/30380/02 dtd. 28/11/2002

7) 25/07/2007 തീയതിയിലെ പി.എച്ച്.ക്യൂ സർക്കുലർ നം.18/2007

8) സ്ഫോടകവസ്തു ചട്ടങ്ങൾ 2008-ലെ 126-ാം ചട്ടമനുസരിച്ചുള്ള പുതുക്കിയ നിർദ്ദേശങ്ങൾ

കേരളത്തിലെ ഉത്സവ സീസൺ വിവിധങ്ങളായ വെടിക്കെട്ട് പ്രദർശനങ്ങളാൽ ശ്രദ്ധേയമാണ്. പല അവസരങ്ങളിലും വെടിക്കെട്ട് പ്രദർശന സമയത്തോ അവയുടെ നിർമ്മാണ സമയത്തോ അപകടങ്ങൾ സംഭവിക്കുകയും നൂറുകണക്കിന് ആളുകളുടെ ജീവൻ നഷ്ടമാകുകയും ചെയ്തിട്ടുണ്ട്. വെടിക്കെട്ട് നടത്തുവാൻ നിർദ്ദിഷ്ട സുരക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടോ, സ്ഫോടകവസ്തു നിർമ്മാതാക്കൾ പ്രസക്തമായ നിയമങ്ങളും നിബന്ധനകളും പാലിക്കുന്നുണ്ടോ മുതലായ കാര്യങ്ങളിൽ പോലീസിന്റെ ഭാഗത്തുനിന്നും ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സർക്കാരും പോലീസ് വകുപ്പും വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരമുള്ള ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ സൂചനകളായി ചേർത്തിട്ടുണ്ട്.